REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

---

**തിയ്യതി: 12-12-2024** **സമയം 12.30 PM**

---

## പ്രധാന വാർത്തകൾ

- പാർലിമെന്റിൽ ഇന്നും പ്രതിപക്ഷ ബഹളം. രാജ്യസഭ ഉച്ചക്ക് രണ്ട് വരെയും ലോക്സഭ ഒരു മണി വരെയും നിർത്തിവെച്ചു.
- റോഡ് അപകടത്തിൽപെടുന്നവർക്ക് പണമടയ്ക്കാതെ ചികിത്സ ലഭ്യമാക്കുന്ന പദ്ധതി വൈകാതെ രാജ്യവ്യാപകമായി നടപ്പാക്കുമെന്ന് കേന്ദ്രമന്ത്രി നിതിൻ ഗഡ്കരി.
- വൈക്കം സത്യാഗ്രഹത്തിന്റെ ശതാബ്ദി ആഘോഷങ്ങൾ ഇന്ന് വൈക്കത്ത് സമാപിക്കും.
- സംസ്ഥാന ദുരിതാശ്വാസ നിധിയിലെ കണക്ക് സംബന്ധിച്ച് സംസ്ഥാന ഗവൺമെൻറ് ഹൈക്കോടതിയിൽ സത്യവാങ്മൂലം സമർപ്പിച്ചു.
- ലോക ചെസ് ചാമ്പ്യൻഷിപ്പിലെ നിർണായക മത്സരം ഇന്ന്.

## വാർത്തകൾ വിശദമായി

**പ്രതിപക്ഷ ബഹളത്തെ തുടർന്ന് രാജ്യസഭ ഉച്ചയ്ക്ക് രണ്ട് വരെ നിർത്തിവെച്ചു. രാജ്യസഭാധ്യക്ഷ് ജഗ്ദീപ് ധൻഖർ പ്രതിപക്ഷത്തിന്റെ അടിയന്തര പ്രമേയ നോട്ടീസിന് അനുമതി നിഷേധിച്ചയുടൻ പ്രതിപക്ഷം സഭയിൽ മുദ്രാവാക്യം വിളിക്കാനാരംഭിച്ചു. സഭാധ്യക്ഷന്റെ റൂളിംഗ് നിഷേധിക്കാൻ ശ്രമിക്കുന്ന പ്രതിപക്ഷ നീക്കം അപലപനീയമാണെന്ന് സഭാനേതാവ് കൂടിയായ കേന്ദ്രമന്ത്രി JP നദ്ദ അഭിപ്രായപ്പെട്ടു.**

✪✪✪

ഒരു പ്രമുഖ ഇന്ത്യൻ ബിസിനസ് ഗ്രൂപ്പിനെതിരെ കൈക്കൂലി ആരോപണത്തിൽ പ്രതിപക്ഷ ഇന്ത്യാ ബ്ലോക്ക് എംപിമാർ ഇന്ന് പാർലമെന്റ് സമുച്ചയത്തിൽ പ്രതിഷേധ പ്രകടനം നടത്തി. ഇക്കാര്യം സംയുക്ത പാർലമെന്ററി സമിതി അന്വേഷിക്കണമെന്ന് അവർ ആവശ്യപ്പെട്ടു. കോൺഗ്രസും ഇടതുപക്ഷവും മറ്റും പ്രതിഷേധത്തിൽ അണിചേർന്നു.

✪✪✪

കോൺഗ്രസ് നേതാക്കൾക്ക്  അമേരിക്കയിലെ ജോർജ്ജ് സോറോസ് ഫൗണ്ടേഷനുമായി ബന്ധമുണ്ടെന്ന  ആരോപണത്തിൽ കോൺഗ്രസ് വ്യക്തത വരുത്തണമെന്ന് കേന്ദ്രമന്ത്രി ഗിരിരാജ് സിംഗ് ആവശ്യപ്പെട്ടു. പാർലമെന്റ് സമുച്ചയത്തിൽ മാധ്യമങ്ങളോട് സംസാരിക്കുകയായിരുന്നു കേന്ദ്രമന്ത്രി.

✪✪✪

ജൽ ജീവൻ മിഷൻ സ്ത്രീ ശാക്തീകരണം, പ്രത്യേകിച്ച് ഗ്രാമപ്രദേശങ്ങളിൽ, കൂടുതൽ ശക്തിപ്പെടുത്തുകയാണെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി . ശുദ്ധജലം വീട്ടുവാതിൽക്കൽ എത്തിയാൽ, സ്ത്രീകൾക്ക് നൈപുണ്യ വികസനത്തിലും സ്വാശ്രയത്വത്തിലും ശ്രദ്ധ കേന്ദ്രീകരിക്കാൻ കഴിയുമെന്ന് പ്രധാനമന്ത്രി സമൂഹമാധ്യമത്തിൽ കുറിച്ചു.

✪✪✪

അപകടത്തിൽപെടുന്നവർക്ക് പണമടയ്ക്കാതെ ചികിത്സ ലഭ്യമാക്കുന്ന പദ്ധതി വൈകാതെ രാജ്യവ്യാപകമായി നടപ്പാക്കുമെന്ന് കേന്ദ്രമന്ത്രി നിതിൻ ഗഡ്കരി ലോക്സഭയെ അറിയിച്ചു.  ആറ് സംസ്ഥാനങ്ങളിൽ ഇതിനകം പദ്ധതി നടപ്പാക്കിയിട്ടുണ്ടെന്ന് അദ്ദേഹം പറഞ്ഞു. ഒന്നര ലക്ഷം രൂപയുടെ വരെ ചികിത്സയാണ് ആശുപത്രികളിൽ ലഭ്യമാക്കുന്നത്. ദേശീയ പാതകളിലെ വർദ്ധിച്ചുവരുന്ന വാഹനാപകടങ്ങളിൽ ആശങ്ക പ്രകടിപ്പിച്ച ഗഡ്കരി, ജില്ലാതലങ്ങളിൽ അപകട പ്രതിരോധ സമിതികൾ രൂപീകരിക്കാൻ അംഗങ്ങളോട് അഭ്യർത്ഥിച്ചു.

✪✪✪

2035 ഓടെ രാജ്യത്തിന് സ്വന്തമായി ബഹിരാകാശ നിലയം 'ഭാരത് അന്തരിക്ഷ സ്റ്റേഷൻ' ഉണ്ടാകുമെന്നും 2040 ഓടെ ഒരു ഇന്ത്യക്കാരൻ ചന്ദ്രനിൽ ഇറങ്ങുമെന്നും കേന്ദ്രസഹമന്ത്രി ഡോ. ജിതേന്ദ്ര സിംഗ്

പറഞ്ഞു. “ശാസ്ത്ര മന്ത്രാലയങ്ങളുടെ നേട്ടങ്ങൾ” എന്ന വിഷയത്തിൽ ന്യൂഡൽഹിയിൽ നടത്തിയ സമ്മേളനത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

ഇന്ത്യയിൽ നിന്ന് ഇതുവരെ 432 വിദേശ ഉപഗ്രഹങ്ങൾ വിക്ഷേപിച്ചിട്ടുണ്ടെന്നും ഇതിൽ 90 ശതമാനവും കഴിഞ്ഞ 10 വർഷത്തിനിടെ വിക്ഷേപിച്ചതാണെന്നും ജിതേന്ദ്ര സിംഗ് പറഞ്ഞു.

✪✪✪

1991ലെ ആരാധനാലയ സംരക്ഷണ നിയമത്തിലെ ചില വ്യവസ്ഥകൾ ചോദ്യം ചെയ്ത് സമർപ്പിച്ച ഹർജികൾ ഇന്ന് സുപ്രീം കോടതി പരിഗണിച്ചേക്കും. ചീഫ് ജസ്റ്റിസ് സഞ്ജീവ് ഖന്ന, നേതൃത്വം നൽകുന്ന മൂന്നംഗ ബഞ്ചാണ് ഹർജി പരിഗണിക്കുന്നത്.

1947 ഓഗസ്റ്റ് 15 ലെ സ്ഥിതിയിൽ നിന്ന് ആരാധനാലയത്തിന്റെ സ്വഭാവത്തിൽ മാറ്റം വരുത്താൻ ആവശ്യപ്പെടുന്ന ഹരജികൾ ഫയൽ ചെയ്യുന്നതിനെ വിലക്കുന്നതാണ് ആരാധനാലയ സംരക്ഷണ നിയമം.

✪✪✪

സംസ്ഥാന ദുരിതാശ്വാസ നിധിയിലെ കണക്ക് സംബന്ധിച്ച് സംസ്ഥാന ഗവൺമെൻറ് ഹൈക്കോടതിയിൽ സത്യവാങ്മൂലം സമർപ്പിച്ചു. സംസ്ഥാന ദുരിതാശ്വാസനിധിയിൽ 783 കോടി രൂപ ഉണ്ടെന്നും ഇത് ഉരുൾപൊട്ടൽ നടന്ന വയനാട് മേഖലയിൽ മാത്രം ഉപയോഗിക്കാനുള്ളതല്ലെന്നും ഗവൺമെൻറ് അറിയിച്ചു. ഈ തുകയിൽ 21 കോടി രൂപ വയനാട് ദുരിതാശ്വാസത്തിന് അനുവദിച്ചിട്ടുണ്ടെന്നും ഗവൺമെൻറ് കോടതിയെ അറിയിച്ചു.

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ ഇതുവരെ 682 കോടി രൂപ ലഭിച്ചിട്ടുണ്ട്. 2221 കോടി രൂപയുടെ സഹായം കേന്ദ്ര ഗവൺമെന്റിനോട് അഭ്യർത്ഥിച്ചിട്ടുണ്ട് എങ്കിലും വളരെ കുറച്ച് തുക മാത്രമാണ് സഹായം ലഭിച്ചതെന്ന് സംസ്ഥാന ഗവൺമെൻറ് പറഞ്ഞു.

പുനരധിവാസത്തിന് അർഹരായവരുടെ ആദ്യപട്ടിക ഈ മാസം പതിനാറിന് പ്രസിദ്ധീകരിക്കുമെന്നും അന്തിമ പട്ടിക അടുത്തമാസം പകുതിയോടെ പ്രസിദ്ധീകരിക്കുമെന്നും ഗവൺമെൻറ് കോടതിയിൽ പറഞ്ഞു.

✪✪✪

വൈക്കം സത്യാഗ്രഹത്തിന്റെ ശതാബ്ദി ആഘോഷങ്ങൾ ഇന്ന് വൈക്കത്ത് സമാപിക്കും. വൈക്കം സത്യാഗ്രഹത്തിൽ പങ്കു വഹിച്ച പെരിയാർ E.V രാമസ്വാമി നായ്ക്കരുടെ നവീകരിച്ച സ്മാരകം രാവിലെ തമിഴ്നാട് മുഖ്യമന്ത്രി MK സ്റ്റാലിനും മുഖ്യമന്ത്രി പിണറായി വിജയനും ചേർന്ന് ഉദ്ഘാടനം ചെയ്തു. ഇരുവരും പെരിയോർ സ്മാരകത്തിൽ പുഷ്പാർച്ചന നടത്തി. ദ്രാവിഡ കഴക അധ്യക്ഷൻ കെ.വീരമണി മുഖ്യാതിഥിയായി പങ്കെടുത്തു. മന്ത്രിമാരായ വി വാസവൻ, സജി ചെറിയാൻ തുടങ്ങിയവരും പരിപാടിയിൽ പങ്കെടുത്തു.

ഇടത് പക്ഷ ആശയങ്ങളോട് ചേർന്നു നിന്നിരുന്ന വ്യക്തിയായിരുന്നു പെരിയോരെന്ന് പിണറായി വിജയൻ പറഞ്ഞു. ഉദ്ഘാടനത്തിന് ശേഷം പൊതുസമ്മേളനത്തിൽ അധ്യക്ഷത വഹിക്കുകയായിരുന്നു മുഖ്യമന്ത്രി.

പൊതുസമ്മേളനം വൈക്കത്ത് പുരോഗമിക്കുകയാണ്.

✪✪✪

29-ാമത് കേരള രാജ്യാന്തര ചലച്ചിത്ര മേളയ്ക്ക് നാളെ തിരുവനന്തപുരത്ത് തുടക്കമാകും. വൈകിട്ട് ആറിന് നിശാഗന്ധി ഓഡിറ്റോറിയത്തിൽ മുഖ്യമന്ത്രി പിണറായി വിജയൻ മേള ഉദ്ഘാടനം ചെയ്യും.

ഉദ്ഘാടന ചടങ്ങിൽ ചലച്ചിത്ര പ്രതിഭ ശബാന അസ്മി മുഖ്യാതിഥിയാകും.

ഈ മാസം 20 വരെ 15 തിയേറ്ററുകളിലായി 68 രാജ്യങ്ങളിലെ 177 സിനിമകൾ പ്രദർശിപ്പിക്കും. 100 ഓളം ചലച്ചിത്ര പ്രവർത്തകർ അതിഥികളായി എത്തും.

കൂടുതൽ വിവരങ്ങളുമായി തിരുവനന്തപുരം ജില്ലാ പ്രതിനിധി രെജു കോലിയക്കോട്.

.......(വോയ്സ്) .......

✪✪✪

കേരള രാജ്യാന്തര ചലച്ചിത്ര മേളയിൽ. യശശ്ശരീരരായ തോപ്പിൽ ഭാസി, പി. ഭാസ്കരൻ, പാറപ്പുറത്ത് എന്നിവരോട് ആദരസൂചകമായി ലിറ്ററി ട്രിബ്യൂട്ട് സംഘടിപ്പിക്കും. തോപ്പിൽ ഭാസി തിരക്കഥ എഴുതി പി. ഭാസ്കരൻ സംവിധാനം ചെയ്ത മൂലധനം, പാറപ്പുറത്ത് കഥയും തിരക്കഥയും എഴുതിയ അരനാഴികനേരം, പി. ഭാസ്കരന്റെയും രാമു

കാര്യാട്ടിന്റെയും കൂട്ടുകെട്ടിൽ സംവിധാനം ചെയ്ത നീലക്കുയിൽ എന്നീ സിനിമകൾ പ്രദർശിപ്പിക്കും.

✪✪✪

സംസ്ഥാന ഗവണ്മെന്റ് നടത്തുന്ന അദാലത്തുകൾ സാമൂഹ്യ നീതി നിർവഹണത്തിന്റെ ഭാഗമാണെന്നും ജനകീയ പ്രശ്നങ്ങൾ അടിയന്തരമായി പരിഹരിക്കുമെന്നും മന്ത്രി രാമചന്ദ്രൻ കടന്നപ്പള്ളി പറഞ്ഞു. കണ്ണൂർ തളിപ്പറമ്പ് താലൂക്ക് അദാലത്ത് ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി.

✪✪✪

സംസ്ഥാന ദുരിതാശ്വാസ നിധിയിലെ കണക്ക് സംബന്ധിച്ച് സംസ്ഥാന ഗവൺമെൻറ് ഹൈക്കോടതിയിൽ സത്യവാങ്മൂലം സമർപ്പിച്ചു. സംസ്ഥാന ദുരിതാശ്വാസനിധിയിൽ 783 കോടി രൂപ ഉണ്ടെന്നും ഇത് ഉരുൾപൊട്ടൽ നടന്ന വയനാട് മേഖലയിൽ മാത്രം ഉപയോഗിക്കാനുള്ളതല്ലെന്നും ഗവൺമെൻറ് അറിയിച്ചു.

✪✪✪

കരുതലും കൈത്താങ്ങും പരാതി പരിഹാര അദാലത്ത് കാസർകോട് ജില്ലയിൽ ഈ മാസം 28 മുതൽ ജനുവരി ആറ് വരെ നടക്കും. മന്ത്രിമാരായ രാമചന്ദ്രൻ കടന്നപ്പള്ളി, V.അബ്ദുൽ റഹ്മാൻ എന്നിവരുടെ നേതൃത്വത്തിലാണ് അദാലത്ത്. പരാതികൾ ഈ മാസം 16 മുതൽ 23 വരെ സമർപ്പിക്കാം.

✪✪✪

മുസ്ലീംലീഗ് സംസ്ഥാന പ്രവർത്തക സമിതി യോഗം ഇന്ന് കോഴിക്കോട്ട് ആരംഭിച്ചു. ആനുകാലിക രാഷ്ട്രീയ വിഷയങ്ങൾ യോഗം ചർച്ച ചെയ്യും.

✪✪✪

കാനനപാത വഴി ശബരിമലയിലെത്തുന്ന തീർഥാടകർ സമയക്രമം പാലിക്കണമെന്ന് വനം വകുപ്പ് നിർദ്ദേശിച്ചു. സത്രം പുല്ലുമേട് വഴി രാവിലെ ഏഴ് മുതൽ ഉച്ചയ്ക്ക് ഒരു മണി വരെയും മുക്കുഴി വഴി രാവിലെ ഏഴ് മുതൽ മൂന്ന് വരെയും മാത്രമാണ് പ്രവേശനം അനുവദിക്കുക.

**കൂടുതൽ വിവരങ്ങളുമായി പത്തനംതിട്ട ജില്ലാപ്രതിനിധി ശ്രീജി S ശ്രീധർ.**

**.....(വോയ്സ്)........**

**✪✪✪**

**ശബരിമല സന്നിധാനത്ത് പ്രമുഖ വാദ്യ കലാകാരൻ ശിവമണിയുടെ നേതൃത്വത്തിൽ രാവിലെ സംഗീതാർച്ചന നടത്തി. സന്നിധാനത്തെ ശ്രീധർമ്മ ശാസ്താ ഓഡിറ്റോറിയത്തിൽ ഗായകൻ ദേവദാസും, കീ ബോർഡിസ്റ്റ് പ്രകാശ് ഉള്ളിയേരിയും സംഗീതാവതരണത്തിൽ പങ്കെടുത്തു.**

**✪✪✪**

**ലോക ചെസ് ചാമ്പ്യൻഷിപ്പിലെ നിർണായക മത്സരം ഇന്ന്. സിംഗപ്പൂരിൽ 14-ാം ഗെയിമിൽ ഇന്ത്യയുടെ ഗ്രാൻഡ് മാസ്റ്റർ D.ഗുകേഷും നിലവിലെ ചാമ്പ്യനും ചൈനീസ് ഗ്രാൻഡ് മാസ്റ്ററുമായ ഡിങ് ലിറനും ഇന്ത്യൻ സമയം ഉച്ചകഴിഞ്ഞ് രണ്ടരയ്ക്ക് ഏറ്റുമുട്ടും.**

**ഗുകേഷിനും ഡിംഗ് ലിറനും ഇപ്പോൾ ആറര പോയിന്റ് വീതമുണ്ട്. ഇന്നലെ പതിമൂന്നാം ഗെയിം സമനിലയിൽ പിരിഞ്ഞിരുന്നു.**

**ഇന്നത്തെ പതിനാലാം ഗെയിമും സമനിലയിലായാൽ നാളെ ടൈബ്രേക്കറിലായിരിക്കും വിജയിയെ നിശ്ചയിക്കുക.**

**✪✪✪**

**മസ്കറ്റിൽ, ഹോക്കി വനിതാ ജൂനിയർ ഏഷ്യാ കപ്പിലെ നാലാമത്തെയും അവസാനത്തെയും ലീഗ് മത്സരത്തിൽ ഇന്ത്യ ഇന്ന് തായ്‌ലൻഡിനെ നേരിടും.**

**ഇന്നലെ മൂന്നാം മത്സരത്തിൽ ഇന്ത്യ ചൈനയോട് ഒന്നിനെതിരെ രണ്ട് ഗോളുകൾക്ക് പരാജയപ്പെട്ടു. ഇന്ത്യ സെമിഫൈനലിൽ സ്ഥാനം ഉറപ്പിച്ചിട്ടുണ്ട്.**

**✪✪✪**

**ISL ഫുട്ബോളിൽ ഇന്ന് ഈസ്റ്റ് ബംഗാൾ FC ഒഡീഷ FC യെ നേരിടും. വൈകിട്ട് ഏഴരയ്ക്ക് കൊൽക്കത്തയിലാണ് മത്സരം.**

**✪✪✪**

തെക്ക് പടിഞ്ഞാറൻ  ബംഗാൾ ഉൾക്കടലിൽ ശക്തി കൂടിയ ന്യൂനമർദ്ദം സ്ഥിതി ചെയ്യുന്ന സാഹചര്യത്തിൽ  സംസ്ഥാനത്ത് ഇന്നും നാളെയും ശക്തമായ മഴയ്ക്ക് സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് അറിയിച്ചു. അതിശക്ത മഴ സാധ്യത കണക്കിലെടുത്ത് ഇന്ന് കൊല്ലം, എറണാകുളം, ഇടുക്കി, തൃശ്ശൂർ ജില്ലകളിൽ  ഓറഞ്ച് ജാഗ്രത പ്രഖ്യാപിച്ചു. പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, പാലക്കാട്, മലപ്പുറം, കോഴിക്കോട്, വയനാട് ജില്ലകളിൽ മഞ്ഞ ജാഗ്രതയും നൽകി .

കേരള തീരത്ത്  ശനിയാഴ്ച വരെയും ലക്ഷദ്വീപ് തീരത്ത് നാളെയും മറ്റന്നാളും മണിക്കൂറിൽ 55 കിലോമീറ്റർ വരെ വേഗത്തിൽ കാറ്റിന് സാധ്യതയുണ്ടെന്നും മീൻ പിടുത്തക്കാർ കടലിൽ പോകരുതെന്നും കാലാവസ്ഥാ വകുപ്പ് മുന്നറിയിപ്പ് നൽകി.

✪✪✪

സൗദി ജയിലിൽ കഴിയുന്ന മലയാളി അബ്ദുൽ  റഹീമിന്റെ മോചനം സംബന്ധിച്ച് റിയാദ് കോടതിയുടെ വിധി ഉച്ചകഴിഞ്ഞ് ഉണ്ടായേക്കും. റിയാദ് കോടതിയാണ് ഉത്തരവ് പുറപ്പെടുവിക്കുന്നത്. ഇന്ത്യൻ സമയം വൈകീട്ട് മൂന്നു മണിയ്ക്കാണ് റിയാദ് ക്രിമിനൽ കോടതി വിധി പ്രസ്താവിക്കുക.

✪✪✪

തിരുവനനന്തപുരത്ത് വഴിതടഞ്ഞ് പാർട്ടിയോഗം നടത്തിയ സംഭവത്തിൽ പൊലീസ് ഇന്ന് ഹൈക്കോടതിയിൽ റിപ്പോർട്ട് സമർപ്പിക്കും. കോടതിയലക്ഷ്യ ഹർജിയിലാണ് പൊലീസ് റിപ്പോർട്ടു നൽകുന്നത്.

✪✪✪